# പതിമൂന്നാം കേരള നിയമസഭ
## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.2507    14.12.2015-ൽ മറുപടി നൽകേണ്ടിയിരുന്നത്

### നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. സാജു പോൾ : | ശ്രീ. വി. എസ്. ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി) |
| (എ) നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ ; | (എ) പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. എല്ലാ മാസവും ആരോഗ്യ വകുപ്പ് മന്ത്രിയും ആരോഗ്യ വകുപ്പ് സെക്രട്ടറിയും നടത്തുന്ന സീനിയർ മെഡിക്കൽ ഓഫീസർമാരുടെ കോൺഫറൻസിലും, ജില്ലാ പ്രോഗ്രാം ഓഫീസർമാരുടെ സംസ്ഥാന മിഷൻ ഡയറക്ടർ നടത്തുന്ന പ്രതിമാസ അവലോകന യോഗത്തിലും ദേശീയ ആരോഗ്യ ദൗത്യത്തിന്റെ എല്ലാ പദ്ധതികളുടെയും സാമ്പത്തിക ഭൗതിക പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. ഇതുകൂടാതെ സംസ്ഥാന തലത്തിൽ നടത്തുന്ന സ്റ്റേറ്റ് റിവ്യൂ മിഷൻ എല്ലാ ജില്ലാ എൻ.ആർ.എച്ച്.എം. ഓഫീസുകളും സന്ദർശിച്ച് പ്രവർത്തനങ്ങൾ വിലയിരുത്തുന്നുണ്ട്. എല്ലാ ജില്ലകളിലും ജില്ലാ മെഡിക്കൽ ഓഫീസർ നടത്തുന്ന അവലോകന യോഗത്തിലും ബ്ലോക്ക് തലത്തിൽ ബ്ലോക്ക് മെഡിക്കൽ ഓഫീസർ നടത്തുന്ന അവലോകന യോഗത്തിലും, ജില്ലാ പ്രോഗ്രാം ഓഫീസർമാർ എൻ.ആർ.എച്ച്.എം -ന്റെ പ്രവർത്തനങ്ങൾ വിലയിരുത്താറുണ്ട്. എല്ലാ മാസവും മെഡിക്കൽ ഓഫീസർ നടത്തുന്ന ജൂനിയർ ഹെൽത്ത് ഇൻസ്പെക്ടർ / ജൂനിയർ പബ്ലിക് ഹെൽത്ത് നേഴ്സ് -മാരുടെ അവലോകന യോഗത്തിലും നാഷണൽ ഹെൽത്ത് മിഷന്റെ പ്രവർത്തനം വിലയിരുത്താറുണ്ട്. |
| (ബി) ഈ സർക്കാരിന്റെ കാലത്ത് ഓരോ വർഷവും എൻ.ആർ.എച്ച്.എം. വഴി ചെലവഴിച്ച തുക എത്രയെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ ; | (ബി) ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം-1 ആയി ചേർക്കുന്നു. |

| | | | |
|---|---|---|---|
| (സി) | എൻ.ആർ.എച്ച്.എം. മേഖലയിൽ ആകെ എത്ര ജീവനക്കാരുണ്ടെന്ന് ജില്ല അടിസ്ഥാനത്തിൽ തസ്തിക തിരിച്ച് അറിയിക്കുമോ ; | (സി) | ജില്ല തിരിച്ചുള്ള വിശദാംശം അനുബന്ധം - 2 ആയി ചേർക്കുന്നു. |
| (ഡി) | ഇതിൽ സേവനമനുഷ്ഠിക്കുന്ന താൽകാലിക ജീവനക്കാരെ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുമോ ? | (ഡി) | ദേശീയ ആരോഗ്യ ദൗത്യം (നാഷണൽ ഹെൽത്ത് മിഷൻ) ഒരു സമയബന്ധിത ആരോഗ്യ ദൗത്യമായതിനാൽ സ്ഥിര നിയമനമില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്**